പ്രസിദ്ധീകരണത്തിന്

ശബരിമലവിഷയത്തിൽ സി.പി.എം. സ്വീകരിച്ചത് ശരിയായ നിലപാടാണ്, സുപ്രീംകോടതിയുടെ വിധി സംസ്ഥാനസർക്കാരിന് മറികടക്കാൻ സാധിക്കില്ല, വിധി നടപ്പാക്കുക എന്നതാണ് സർക്കാരിന്റെ കടമ, ഭരണഘടന പറയുന്ന തുല്യതയാണ് സി.പി.എം-ന്റെ നിലപാട്, ദേവസ്വംമന്ത്രി കടകംപള്ളി മാപ്പുപറഞ്ഞത് എന്തിനെന്ന് അറിയില്ല എന്നാണ് പാർട്ടിയുടെ ദേശീയ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഒരു ചാനലിനു നല്കിയ ഇന്റർവ്യൂവിലൂടെ വ്യക്തമാക്കിയിരിക്കുന്നത്.

ഈ വിഷയം സംബന്ധിച്ച് ഉത്തരം പറയേണ്ടത് സംസ്ഥാന ഘടകമാണെന്നുമാണ് ദേശീയ ജനറൽ സെക്രട്ടറി പറഞ്ഞിരിക്കുന്നത്.

ഈ സാഹചര്യത്തിൽ ശബരിമലവിഷയത്തിൽ നിലപാട് എന്തെന്ന് വ്യക്തമാക്കാനുള്ള ധാർമ്മികഉത്തരവാദിത്വം സംസ്ഥാനസർക്കാരിനും പ്രത്യേകിച്ച് മുഖ്യമന്ത്രിക്കും ഉണ്ട്.

അത് അറിയാനുള്ള അവകാശം വിശ്വാസികൾക്കുമുണ്ട്.

പെരുന്ന
17.3.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി